# Minister invites US taxation firms to work from Kerala

## · P Rajeeve interacts with experts at US Tax Industry Meet

Thiruvananthapuram, July 30: Kerala's investment-friendly ecosystem makes the state an ideal offshore destination for the companies in the US taxation industry which is ever increasingly searching for talented and skilled professionals, according to Minister for Law, Industries and Coir Shri P. Rajeeve.

Inviting America's taxation and accounting companies to set up offices in the south Indian state, he highlighted the quality of Kerala's human resources in the domain, backed by vibrant education and skilling ecosystem as well as excellent physical and social infrastructure, besides robust connectivity that can make it a preferred investor destination. Interacting with experts from various companies in the segment on Saturday evening, Shri Rajeeve recapped the state's achievements in the field. Addressing the 'US Tax Industry Meet', Shri Rajeeve said Kerala, in its Industrial Policy 2023, has identified 22 sectors of potential investment, worthy of attractive incentives for investors. "Companies can leverage our amazing talent pool and infrastructure facilities," he added.

Principal Secretary (Industries) Shri Suman Billa said the state's ESG-focused Industrial Policy aims to build an Industry 4.0-ready ecosystem by 2027 so as to generate responsible investments and foster innovation across sectors. One of the focus pillars is building futuristic skillsets for employment, he added.Noting that the state is "rapidly migrating" to a knowledge economy, the senior bureaucrat said Kerala provides access to future-ready skilled workforce.

As for the proposed Global Industrial Finance and Trade (GIFT) City at Kochi, Shri Billa said it will be an integrated centre for innovation and growth with emphasis on boosting fintech and forging alliances with top fintech hubs. Elaborating on the investment avenues for US Taxation Industry, he suggested joint establishment of innovation labs with universities in Kerala and International Taxation Centre with Gulati Institute of Finance and Taxation. "Dedicated taxation technology parks can be set up in the key cities of Kerala. The US taxation companies will get state-of-the-art infrastructure here," he added.

Dr Usha Titus, who is the Chairperson and Managing Director of Additional Skill Acquisition Programme Kerala, said the US taxation industry's presence will enable Kerala's students to do longer internship. This will in turn provide better access to employable workforce. The experts, while lauding the initiatives of the government in honing skills of youngsters, noted that the US was facing shortage of skilled professionals in taxation and accounting segment.

According to them, companies are looking for talents, for which they would provide stronger industry-oriented training on the technical side. US firms have started establishing offshore offices in places that

have skilled human resources in taxation. They also reiterated on the focus needed on the soft skill side for employees in view of the increased importance of client side dealings.

The interaction was also attended by Moss Adams India Managing Partner Shri Balaji Iyer, Wipfli Director Shri Vinod V, its Finance Director Shri Nagaraja Ramanna, BDO RISE India Managing Director Shri Sourabh Mukherjee, its Executive Managing Director Shri Vishnu Patwari, Grant Thornton Executive Director Shri Sriram Sreenivasan, GR8 Affinity Services Tax Director (India Operations) Shri Aneesh N and Talent Acquisition Leader, Acceleration Centre, Shri Puneet Chandel among others.

# യു.എസ് നികുതി കമ്പനികളെ കേരളത്തിൽ പ്രവർത്തിക്കാൻ ക്ഷണിച്ച് മന്ത്രി പി.രാജീവ്

### യു.എസ് ടാക്സ് ഇൻഡസ്ട്രി മീറ്റിൽ വിദഗ്ധരുമായി മന്ത്രി സംവദിച്ചു

തിരുവനന്തപുരം: തൊഴിൽ നൈപുണ്യമുള്ള പ്രൊഫഷണലുകളും നിക്ഷേപസൗഹൃദ അന്തരീക്ഷവുമുള്ള കേരളം യു.എസ് നികുതി വ്യവസായ കമ്പനികൾക്ക് പ്രവർത്തിക്കാൻ അനുയോജ്യമായ ഇടമായിരിക്കുമെന്ന് നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ്. വിവിധ കമ്പനികളിൽ നിന്നുള്ള വിദഗ്ധർ പങ്കെടുത്ത യു.എസ് ടാക്സ് ഇൻഡസ്ട്രി മീറ്റിൽ സംവദിക്കുകയായിരുന്നു മന്ത്രി.

യു.എസ് കമ്പനികൾക്ക് അനുയോജ്യമായ ടാക്സേഷനിലും അക്കൗണ്ടിംഗിലും വൈദഗ്ധ്യമുള്ള ഉദ്യോഗാർഥികൾ കേരളത്തിലുണ്ടെന്ന് മന്ത്രി പറഞ്ഞു. കേരളത്തിലെ മികച്ച വിദ്യാഭ്യാസ നിലവാരവും നൈപുണ്യ ശേഷിയും അടിസ്ഥാന സൗകര്യങ്ങളും ശക്തമായ കണക്റ്റിവിറ്റിയും നിക്ഷേപകർക്ക് അനുയോജ്യമായ അന്തരീക്ഷം ഒരുക്കും. സംസ്ഥാനത്തെ ഈ സാധ്യതകൾ കമ്പനികൾക്ക് പ്രയോജനപ്പെടുത്താനാകുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി. 2023 ലെ കേരള വ്യവസായ നയത്തിൽ നിക്ഷേപ സാധ്യതയുള്ള 22 മേഖലകളെ സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഈ മേഖലകളിൽ നിന്നാണ് നിക്ഷേപങ്ങൾ ഉദ്ദേശിക്കുന്നത്. നിക്ഷേപകർക്ക് മികച്ച ഇൻസെൻറീവുകൾ വ്യവസായ നയം വാഗ്ദാനം ചെയ്യുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

2027 ഓടെ വ്യവസായ മേഖലയിൽ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപം സൃഷ്ടിക്കുന്നതിനുമായി ഇൻഡസ്ട്രി 4.0 വ്യാവസായിക അന്തരീക്ഷം കെട്ടിപ്പടുക്കാനാണ് കേരള വ്യവസായ നയം ലക്ഷ്യമിടുന്നതെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

സുമൻ ബില്ല പറഞ്ഞു. കേരളം അതിവേഗം വൈജ്ഞാനിക സമ്പദ് വ്യവസ്ഥയായി മാറിക്കൊണ്ടിരിക്കുകയാണ്. നൈപുണ്യ ശേഷിയുള്ളവരുടെ ഒരു സമൂഹവും ഇതിലൂടെ രൂപപ്പെടും. കൊച്ചിയിലെ നിർദിഷ്ട ഗ്ലോബൽ ഇൻഡസ്ട്രിയിൽ ഫിനാൻസ് ആൻഡ് ട്രേഡ് (ഗിഫ്റ്റ്) സിറ്റി ഫിൻടെക് വർധിപ്പിക്കുന്നതിനും മികച്ച ഫിൻടെക് ഹബ്ബുകളുമായി സഖ്യമുണ്ടാക്കുന്നതിനും ഊന്നൽ നൽകുന്ന നവീകരണത്തിനും വളർച്ചയ്ക്കുമുള്ള സംയോജിത കേന്ദ്രമായിരിക്കും. ടാക്സേഷൻ കമ്പനികൾ വരുന്നതിലൂടെ കേരളത്തിലെ സർവ്വകലാശാലകളും ഇൻറർനാഷണൽ ടാക്സേഷൻ സെൻററും സംയുക്തമായി ഇന്നൊവേഷൻ ലാബുകളും, കേരളത്തിലെ പ്രധാന നഗരങ്ങളിൽ ടാക്സേഷൻ ടെക്നോളജി പാർക്കുകളും സ്ഥാപിക്കാമെന്നും സുമൻ ബില്ല നിർദേശിച്ചു.

യു.എസ് ടാക്സേഷൻ വ്യവസായത്തിൻറെ സാന്നിധ്യം വിദ്യാർഥികളെ ദീർഘകാലത്തേക്ക് ഇൻറേൺഷിപ്പ് ചെയ്യാൻ പ്രാപ്തമാക്കുമെന്നും തൊഴിലവസരങ്ങൾ വർധിപ്പിക്കുമെന്നും അസാപ് ചെയർപേഴ്സണും മാനേജിംഗ് ഡയറക്ടറുമായ ഉഷ ടൈറ്റസ് പറഞ്ഞു.

യുവാക്കളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സർക്കാരിൻറെ ശ്രമങ്ങളെ അഭിനന്ദിച്ച വിദഗ്ധർ ടാക്സേഷനിലും അക്കൗണ്ടിംഗിലും മികവുള്ള പ്രൊഫഷണലുകളുടെ കുറവ് യു.എസ് ടാക്സേഷൻ നേരിടുന്നുണ്ടെന്ന് പറഞ്ഞു. കമ്പനികൾ കഴിവുള്ള ഉദ്യോഗാർഥികളെ തിരയുകയാണ്. അവർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകും. യു.എസ് ടാക്സേഷൻ മറ്റ് രാജ്യങ്ങളിൽ തുറക്കുന്ന ഓഫീസുകളിൽ ടാക്സേഷൻ വിദഗ്ധരുടെ സേവനം ഉണ്ടായിരിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

മോസ് ആഡംസ് ഇന്ത്യ മാനേജിംഗ് പാർട്ണർ ബാലാജി അയ്യർ, വിപ്ഫ്ലി ഫിനാൻസ് ഡയറക്ടർ നാഗരാജ രാമണ്ണ, ബി.ഡി.ഒ റൈസ് ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് മുഖർജി, ഗ്രാൻറ് തോൺടൺ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീറാം ശ്രീനിവാസൻ, വിപ്ഫ്ലി ഡയറക്ടർ വിനോദ് വി., ജിആർ8 അഫിനിറ്റി സർവീസസ് ടാക്സ് ഡയറക്ടർ ഇന്ത്യ ഓപ്പറേഷൻസ് അനീഷ് എൻ., ബി.ഡി.ഒ റൈസ് ഇന്ത്യ എക്സിക്യൂട്ടീവ് മാനേജിംഗ് ഡയറക്ടർ വിഷ്ണു പടപാതി, ആക്സലറേഷൻ സെൻറർ ടാലൻറ് അക്വിസിഷൻ ലീഡർ പുനീത് ചന്ദേൽ തുടങ്ങിയവർ ഇൻഡസ്ട്രി മീറ്റിൽ പങ്കെടുത്തു.